## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2939** **03-08-2021 - ൽ മറുപടിയ്ക്ക്**

## ജോയിന്റ് ആർ.ടി.ഒ. തസ്തികയുടെ യോഗ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജോയിന്റ് ആർ.ടി.ഒ. മുതൽ മുകളിലേക്കുള്ള തസ്തികകൾ ടെക്നിക്കൽ തസ്തികകൾ ആണെന്നും ആയതിന് സാങ്കേതിക യോഗ്യത ആവശ്യമാണെന്നും വ്യവസ്ഥ ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ ; | (എ) | 27.02.2021-ലെ സ.ഉ(കൈ)നമ്പർ.10/2021/ ഗതാഗതം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 16.03.2021-ലെ സ.ഉ(കൈ) നമ്പർ.11/2021/ഗതാഗതം നമ്പർ പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും ചെയ്തു. |
| (ബി) | ഇപ്രകാരം ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനങ്ങൾ നിയമിക്കുന്ന മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ സാങ്കേതിക യോഗ്യതകൾ നിർണയിക്കാൻ മോട്ടോർ വാഹന നിയമപ്രകാരം ആർക്കാണ് അധികാരം ഉള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട് ഓഫീസർ തസ്തികയിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത തസ്തികയിലേക്ക് യോഗ്യത നിശ്ചയിക്കണം എന്ന് ആവശ്യപ്പെട്ടു 09.04.2018-ന്ന സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ 10-ാം ശമ്പള പരിഷ്കരണ കമ്മീഷനും, 01.03.2011-ൽ മോട്ടോർ വാഹന വകുപ്പിൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ)-ഉം ഇക്കാര്യം വിലയിരുത്തിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ സർക്കാർ പ്രസ്തുത നിവേദനം പരിശോധിച്ചു വരവേ, ബഹു. സുപ്രീം കോർട്ട് കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ 02.07.2019-ലെ മീറ്റിംഗിൽ സംസ്ഥാനങ്ങളിലെ മോട്ടോർ വാഹന വകുപ്പുകളിൽ മദ്ധ്യനിര ഓഫീസർമാർക്ക്, പ്രധാനമായും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, അസിസ്റ്റന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ (ജോയിന്റ് ആർ.ടി.ഒ) എന്നിവർക്ക് സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണമെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി. മേൽ സാഹചര്യത്തിലാണ് മോട്ടോർ വാഹന വകുപ്പിലെ മദ്ധ്യനിര ഓഫീസർമാരിൽ പ്രധാനികളും, തുടർന്ന് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ വരെ സ്ഥാനക്കയറ്റം ലഭിക്കേണ്ടതുമായ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് യോഗ്യത |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ച നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചത്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 213 (4) പ്രകാരം മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കു വേണ്ടുന്ന ഏറ്റവും കുറഞ്ഞ യോഗ്യത കേന്ദ്ര സർക്കാർ നിശ്ചയിച്ച ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ തസ്തികക്ക് കേന്ദ്ര സർക്കാർ യോഗ്യത നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, 1968-ലെ കേരള പബ്ലിക് സർവീസ് ആക്ടിലെ (Act 19 of 1968) സെക്ഷൻ 2 പ്രകാരം യോഗ്യത നിശ്ചയിച്ച വിശേഷാൽ ചട്ടങ്ങൾ നിർമിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |
| (സി) | മേൽ പരാമർശിച്ച ഉത്തരവ് മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോ; ആണെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ തസ്തികയിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത തസ്തികയിലേക്ക് യോഗ്യത നിശ്ചയിക്കണം എന്ന് ആവശ്യപ്പെട്ടു 09.04.2018-നു സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ 10-ാം ശമ്പള പരിഷ്കരണ കമ്മീഷനും, 01.03.2011-ൽ മോട്ടോർ വാഹന വകുപ്പിൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ)-ഉം ഇക്കാര്യം വിലയിരുത്തിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ സർക്കാർ പ്രസ്തുത നിവേദനം പരിശോധിച്ചു വരവേ, ബഹു. സുപ്രീം കോർട്ട് കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ 02.07.2019-ലെ മീറ്റിംഗിൽ സംസ്ഥാനങ്ങളിലെ മോട്ടോർ വാഹന വകുപ്പുകളിൽ മദ്ധ്യനിര ഓഫീസർമാർക്ക്, പ്രധാനമായും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, അസിസ്റ്റന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ (ജോയിന്റ് ആർ.ടി.ഒ) എന്നിവർക്ക് സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണമെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി. മേൽ സാഹചര്യത്തിലാണ് മോട്ടോർ വാഹന വകുപ്പിലെ മദ്ധ്യനിര ഓഫീസർമാരിൽ പ്രധാനികളും, തുടർന്ന് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ വരെ സ്ഥാനക്കയറ്റം ലഭിക്കേണ്ടതുമായ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് യോഗ്യത നിശ്ചയിച്ച നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചത്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 213 (4) പ്രകാരം മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കു വേണ്ടുന്ന ഏറ്റവും കുറഞ്ഞ യോഗ്യത കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ച ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ തസ്തികക്ക് കേന്ദ്ര സർക്കാർ യോഗ്യത നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, 1968-ലെ കേരള പബ്ലിക് സർവീസ് ആക്ടിലെ (Act 19 of 1968) സെക്ഷൻ 2 പ്രകാരം യോഗ്യത നിശ്ചയിച്ച വിശേഷാൽ ചട്ടങ്ങൾ നിർമിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ